**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2020 **സെപ്റ്റംബർ** മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ പുനർ വിതരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 6920/2020/ധന. തീയതി, തിരുവനന്തപുരം, 27.11.2020**

---

പരാമർശം :- 1. സ.ഉ(സാധാ) നം. 5413/2020/ധന. തീയതി. 22.09.2020

2. പഞ്ചായത്ത് ഡയറക്ടറുടെ കത്ത് നമ്പർ പി എ എൻ/5630/2020-ഡി ബി ടി2 (ഡി പി) തീയതി. 23.11.2020

**<u>ഉത്തരവ്</u>**

2020 സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ പരാമർശം (1) പ്രകാരം വിതരണം നടത്തിയിരുന്നു. എന്നാൽ കേരള ബാങ്ക്, തൃശ്ശൂർ ബ്രാഞ്ചിൽ സംഭവിച്ച സാങ്കേതിക പിഴവിനാൽ പ്രസ്തുത ബാങ്ക് വഴി വിതരണം ചെയ്ത 2020 സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റി വന്നിരുന്ന 2087 ഗുണഭോക്താക്കൾക്കു ടി കാലയളവിലെ പെൻഷൻ ലഭിക്കാതിരുന്നു. ഇവരിൽ അർഹരായ 2060 പേർക്ക് പെൻഷൻ പുനർ വിതരണം നടത്തുന്നതിന് വേണ്ടി 28,53,200/- (ഇരുപത്തി എട്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. **കേരള ബാങ്ക്, തൃശ്ശൂർ ബ്രാഞ്ചിൽ സംഭവിച്ച സാങ്കേതിക പിഴവിനാൽ പ്രസ്തുത ബാങ്ക് വഴി വിതരണം ചെയ്ത 2020 സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപറ്റി വന്നിരുന്ന 2087 ഗുണഭോക്താക്കളിൽ അർഹരായ 2060 പേർക്ക് പെൻഷൻ പുനർ വിതരണം നടത്തുന്നതിന് വേണ്ടി 28,53,200/- (ഇരുപത്തി എട്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.** ഓരോ ഇനം സാമൂഹ്യ സുരക്ഷാ

പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. പ്രസ്തുത തുക, പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ (എസ് ബി അക്കൗണ്ട് നമ്പർ: 67234515304 (IFS Code : SBIN 0070028)) ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിന്നും 2060 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ (കേരള ബാങ്ക്) ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 00110102300269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ ബി**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(ഫയൽ നം.1367015/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

| 2020 സെപ്റ്റംബർ മാസത്തെ പെൻഷൻ വിതരണത്തിനു വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ (കേരള ബാങ്ക് പുനർ വിതരണം) | | | | | | |
|---|---|---|---|---|---|---|
| | മുനിസിപ്പാലിറ്റി | | ഗ്രാമപഞ്ചായത്ത് | | ആകെ | |
| | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| കർഷക തൊഴിലാളി പെൻഷൻ | 3 | 4200 | 169 | 235800 | 172 | 240000 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 41 | 57700 | 933 | 1293500 | 974 | 1351200 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ (മാനസികമായി/ ശാരീരികമായി വെല്ലുവിളി നേരിടുന്നവർ) | 13 | 18200 | 172 | 240000 | 185 | 258200 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 3 | 4200 | 87 | 120200 | 90 | 124400 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 31 | 42600 | 608 | 836800 | 639 | 879400 |
| **ആകെ** | **91** | **126900** | **1969** | **2726300** | **2060** | **2853200** |

ഇരുപത്തി എട്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി ഇരുന്നൂറ് രൂപ മാത്രം